**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 364. 16.03.2017 -ലെ മറുപടിക്ക്.

## തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.കെ. രാമചന്ദ്രൻ നായർ**<br>**ശ്രീ. സി.കൃഷ്ണൻ**<br>**ശ്രീ. പി.ഉണ്ണി**<br>**ശ്രീ.വി.കെ.സി.മമ്മത് കോയ :** | **ശ്രീ. ടി.പി.രാമകൃഷ്ണൻ**<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ)തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ക്ഷേമനിധി ബോർഡുകളുടെ പ്രവർ ത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) വിലയിരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) മുൻ സർക്കാരിന്റെ കാലത്ത് തീർത്തും നിഷ്ക്രിയമായിരുന്നതും ക്ഷേമനിധി ആനുകൂല്യങ്ങൾ ദീർഘകാലമായി കുടിശ്ശിക ഉണ്ടായിരുന്നതുമായ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; | (ബി) വിവിധ ക്ഷേമനിധി ബോർഡുകളിൽ 2015 ആഗസ്റ്റ് മുതൽ കുടിശ്ശികയുണ്ടായിരുന്ന പെൻഷൻ തുക ഉൾപ്പെടെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016 ഒക്ടോബർ മാസം വരെ 152857 പേർക്ക് വിതരണം ചെയ്തു. ഇതിനായി സർക്കാർ 125,57,04,000/ രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ ക്ഷേമനിധി ബോർഡുകൾക്ക് ഗ്രാന്റിനത്തിൽ 305,37,305/- രൂപ നൽകിയിട്ടുണ്ട്. 2016 ജൂൺ 1 മുതൽ പ്രാബല്യത്തിൽ ക്ഷേമനിധി പെൻഷൻ തുക 600/- രൂപയിൽ നിന്ന് 1000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ 2017 ഏപ്രിൽ 1 മുതൽ പെൻഷൻ തുക 1100/- രൂപയായി വർദ്ധിപ്പിക്കുമെന്ന് സർക്കാർ പ്രഖ്യാപനം നടത്തിയിട്ടുണ്ട്. ക്ഷേമ പെൻഷനുകൾ കാലോചിതമായി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. ക്ഷേമനിധി |

| | |
|---|---|
| | ബോർഡുകളുടെ പ്രവർത്തനം ഏകീകരിക്കുന്നതിലേയ്ക്കായി എല്ലാ ബോർഡുകളിലും കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ക്ഷേമനിധി അംശദായം നേരിട്ട് ഓഫീസുകളിലെത്തി അടയ്ക്കുന്നതിനുപകരം എൻ.ഇ.എഫ്.റ്റി സൗകര്യമുള്ള ബാങ്ക് വഴി അടയ്ക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. പെൻഷൻ ഉൾപ്പെടെയുള്ള എല്ലാവിധ ആനുകൂല്യങ്ങളും ബാങ്ക് വഴി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആനുകൂല്യ വിതരണം, ആനുകൂല്യ അപേക്ഷകളുടെ തീർപ്പാക്കൽ, അംശദായം ഒടുക്കുക എന്നിവ എസ്.എം.എസ്. വഴി തൊഴിലാളികളെ അറിയിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു |
| (സി) ക്ഷേമനിധി ബോർഡുകളുടെ ദൈനംദിന പ്രവർത്തനം സുതാര്യമാക്കുന്നതിന്റെ ഭാഗമായി അംഗങ്ങളുടെ രജിസ്ട്രേഷൻ, അംശദായം, ആനുകൂല്യ വിതരണം, പെൻഷൻ എന്നിവയ്ക്കായി പുതിയ സോഫ്റ്റ് വെയർ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (സി) ഇല്ല |
| (ഡി) ക്ഷേമനിധി ബോർഡുകൾ വിവിധ പദ്ധതികൾ പ്രകാരം അംഗങ്ങൾക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (ഡി) വിവിധ ക്ഷേമനിധി ബോർഡുകളിൽ അംശദായം വർദ്ധിപ്പിക്കുന്നതും അംശദായ വർദ്ധനവിന് ആനുപാതികമായി ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതും സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ഇ) ക്ഷേമനിധി ബോർഡുകളിലെ അംഗങ്ങളുടെ ഡേറ്റാ ഡിജിറ്റൈസ് ചെയ്ത് തിരിച്ചറിയൽ കാർഡ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ഇ) ക്ഷേമനിധി ബോർഡുകളിൽ ഡിജിറ്റൈസേഷന് വേണ്ടി അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫെയ്സ് സിസ്റ്റം എന്ന സോഫ്റ്റ് വെയർ കെൽട്രോണിന്റെ സഹായത്തോടെ വികസിപ്പിച്ചിട്ടുണ്ട്. അക്ഷയ സെന്ററുകളുടെ സഹായത്തോടെ അംഗങ്ങളുടെ വ്യക്തിഗത വിവരങ്ങൾ, ആധാർ നമ്പർ, ബാങ്ക് അക്കൗണ്ട് നമ്പർ, ഫോട്ടോ എന്നിവ കൂടി ഉൾപ്പെടുത്തി ഡേറ്റ ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്. |

| | |
|---|---|
| | 30/08/2014 ന് അക്ഷയ സെന്ററുകളുടെ സേവനം അവസാനിപ്പിച്ച് പ്രസ്തുത ജോലികൾ അതാത് ക്ഷേമനിധി ബോർഡിന്റെ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസുകൾ മുഖേന നടത്തി വരുന്നു. തിരിച്ചറിയൽ കാർഡു നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം.</u>

തൊഴിൽ വകുപ്പിനു കീഴിൽ സംസ്ഥാനത്ത് 16 ക്ഷേമ നിധി ബോർഡുകൾ പ്രവർത്തിച്ചുവരുന്നു. സാമ്പത്തികമായി മെച്ചപ്പെട്ടതും സർക്കാരിന്റെ സഹായത്തോടെ പ്രവർത്തിച്ചുവരുന്ന ബോർഡുകളും ഈ കൂട്ടത്തിൽ ഉണ്ട്. ബോർഡുകളെ സംബന്ധിച്ച വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

കേരള മോട്ടോർ തൊഴിലാളി ബോർഡിൽ 8,02,914 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പെൻഷൻ, അവശതാ പെൻഷൻ, അപകട മരണാനന്തര ധന സഹായം, മരണാനന്തര സഹായം, ചികിൽസാ ധന സഹായം വിവാഹ ധനസഹായം, പ്രസവാനുകൂല്യം, റിട്ടയർമെന്റ് ആനുകൂല്യം, സ്കോളർഷിപ്പ് എന്നിവയാണ് ഈ ബോർഡിൽ നിന്നും നൽകിവരുന്ന ആനുകൂല്യങ്ങൾ.

കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫയർ ബോർഡിൽ 15,43,544 അംഗങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2,07,629 പെൻഷൻകാരും ഈ ബോർഡിൽ ഉണ്ട്. കേരള ചുമട്ടു തൊഴിലാളി ക്ഷേമ നിധി ബോർഡിൽ ആകെ 31,641 സ്കാറ്റേർഡ് വിഭാഗം തൊഴിലാളികളും 37718 അൺ അറ്റാച്ച്ഡ് തൊഴിലാളികളും 664 അറ്റാച്ച്ഡ് വിഭാഗം തൊഴിലാളികളുമാണുള്ളത്. അൺ അറ്റാച്ച്ഡ് വിഭാഗത്തിൽ 6963 പെൻഷൻകാരും സ്കാറ്റേർഡ് വിഭാഗത്തിൽ 2935 പെൻഷൻകാരുമാണുള്ളത്. ഈ ബോർഡിലെ പെൻഷനടക്കമുള്ള ക്ഷേമാനുകൂല്യങ്ങൾ കുടിശ്ശിക തീർത്തു നൽകിയിട്ടുണ്ട്.

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിലവിൽ 43622 പെൻഷൻകാരാണുള്ളത്. ഈ ബോർഡ് സർക്കാർ ധനസഹായത്തോടെയാണ് പെൻഷൻ നൽകി വരുന്നത്. തൊഴിലാളികൾക്ക് തയ്യൽ ക്ഷേമനിധിയിൽ അംഗത്വം ലഭിക്കുന്നതിനായി ഓൺ ലൈൻ രജിസ്ട്രേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. NEFT സൗകര്യമുള്ള ബാങ്കുകളിലൂടെ അംശദായം ഒടുക്കുന്നതിന് ഈ ബോർഡ് സൗകര്യം ഒരുക്കിയിട്ടുണ്ട്.

കേരള കള്ള് വ്യവസായ ക്ഷേമനിധി ബോർഡിൽ 19512 തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പെൻഷൻ, അപകട ചികിൽസാ സഹായം, കുട്ടികൾക്കുള്ള സ്കോളർഷിപ്പ്, മരണാനന്തര ധനസഹായം, അവശതാ ധനസഹായം എന്നീ ആനുകൂല്യങ്ങൾ ഈ ബോർഡിൽ നിന്നും നൽകി വരുന്നു.

കേരള ചെറുകിട തോട്ടം തോഴിലാളി ക്ഷേമനിധി ബോർഡിൽ 14,200 തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 31 പേർ പെൻഷനേഴ്സ് ആയിട്ടുണ്ട്. ചികിൽസാ ധനസഹായം, മരണാനന്തര സഹായം, പ്രസവാനുകൂല്യം, വിവാഹ ധനസഹായം എന്നീ ആനുകൂല്യങ്ങൾ ഈ ബോർഡിൽ നിന്നും വിതരണം ചെയ്തിട്ടുണ്ട്.

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ബോർഡാണ്. പ്രതിവർഷം 9 കോടി രൂപ മാത്രം വരുമാനമായി ലഭിക്കുമ്പോൾ ആനുകൂല്യ വിതരണത്തിനായി 40 കോടിയോളം രൂപ വേണ്ടിവരുന്നതിനാൽ ബോർഡ് കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണ്. ആയതിനാൽ ബോർഡിന് സർക്കാർ ധനസഹായത്തോടെ മാത്രമേ പ്രവർത്തിക്കാൻ കഴിയുന്നുള്ളൂ.

കേരള ആഭരണ തൊഴിലാളി ക്ഷേമ നിധി ബോർഡിൽ 14925 അംഗങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ ബോർഡിൽ നിന്നുള്ള ആനുകൂല്യങ്ങൾ കൃത്യമായി നൽകിവരുന്നു. കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ബോർഡിൽ 985917 അംഗങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ ബോർഡിന് 120.64 കോടി രൂപയുടെ സ്ഥിര നിക്ഷേപം ഉണ്ട്. ഈ ബോർഡിൽ നിന്നും പ്രസവ സഹായം, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, ചികിൽസാ ധനസഹായം, വിദ്യാഭ്യാസാനുകൂല്യങ്ങൾ എന്നിവ നൽകി വരുന്നു.

കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ 2630 തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ബോർഡിന് 14.38 കോടി രൂപ അംശദായ ഇനത്തിൽ ലഭിച്ചിട്ടുണ്ട്. പെൻഷൻ ആനുകൂല്യങ്ങൾക്ക് പുറമെ വിവാഹ ധനസഹായം, ഭവന നിർമ്മാണ ധനസഹായവും ബോർഡ് നൽകി വരുന്നു.

കേരള ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 64628 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 8053 തൊഴിലാളികൾക്ക് പെൻഷൻ നൽകി വരുന്നു. വിവാഹ ധനസഹായം സ്കോളർഷിപ്പ്, പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്കുള്ള ധന സഹായം, ചികിൽസാ ധനസഹായം, എന്നിവ ഈ ബോർഡിൽ നിന്നും നൽകിവരുന്നു.

കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമ നിധി ബോർഡിൽ 101456 തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ഇതിൽ 65162 പേർ പെൻഷണേഴ്സ് ആണ്. 50 ശതമാനം കശുവണ്ടി ഫാക്ടറികളും അടഞ്ഞു കിടക്കുന്നതിനാൽ അംശദായ വിഹിതത്തിൽ വൻ കുറവ് വന്നതിനാൽ ഈ ബോർഡ് കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നു.

കേരള ബീഡി & സിഗാർ തൊഴിലാളി ക്ഷേമ നിധി ബോർഡിൽ 6500 തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പുകവലി നിരുത്സാഹപ്പെടുത്തുന്ന ബോധവത്ക്കരണ പ്രവർത്തനങ്ങൾ ഉണ്ടാകുന്നതിനാൽ പുകവലിക്കാരുടെ എണ്ണം കുറയുന്നതിനാൽ ബീഡി വ്യവസായം പ്രതിസന്ധിയിലാണ് ആയതുമൂലം സർക്കാർ സഹായത്തോടെയാണ് ഈ ബോർഡ് പ്രവർത്തിച്ചുവരുന്നത്.

കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിൽ 41785 തൊഴിലാളികൾ രജിസ്റ്റർ

ചെയ്തിട്ടുണ്ട്. തൊഴിലാളി അംശദായം 3/- രൂപയും സ്വയം തൊഴിൽ ചെയ്യുന്നവർ 5/- രൂപയും തൊഴിലുടമ അംശദായം 6/- രൂപയുമാണ്. തൊഴിലാളി അംശദായത്തിന് തുല്യമായ തുക സർക്കാർ ഗ്രാന്റായി നൽകുന്നു. 1989 - ൽ ബോർഡ് നിലവിൽ വന്നപ്പോൾ ബോർഡിന്റെ പ്രധാന വരുമാന മാർഗ്ഗം വ്യാപാരി അംശദായം ആയിരുന്നു. എന്നാൽ 2002 – ൽ വ്യാപാരികൾ നൽകിയ ഹർജിയെ തുടർന്ന് ബഹു. ഹൈക്കോടതി വ്യാപാരി അംശദായം റദ്ദ് ചെയ്തതിനാൽ ബോർഡ് കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണ്.

സെക്ഷൻ ഓഫീസർ